# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 7/980/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 7/980/2022 തീയ്യതി: 01/06/2022

## കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 23-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 24-05-2022 | 30-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-05-2022 | 30-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി,ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ.ടി.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്,സീനിയർ ഗേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ.ടി.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനീഷ്കുമാർ ടി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 14-04-2020 |
| ശ്രീ വാസു എം എം | സെക്രട്ടറി | 15-04-2020 | 15-02-2021 |
| ശ്രീ കാട്ടിൽ മൊയ്തു മാസ്റ്റർ | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീമതി എം.എം നഷീദ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ ബിനു ജോസ് | സെക്രട്ടറി | 16-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിമ്മി ഷാജി | അസി.എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ ജയകുമാർ ബി | അസി.എഞ്ചിനീയർ | 09-07-2020 | 14-10-2020 |
| ശ്രീമതി രാഖി എൻ കെ | അസി.എഞ്ചിനീയർ | 15-10-2020 | 31-03-2021 |
| ശ്രീമതി വിധു എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ലിനൂപ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.വിജിത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.രാഖി എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ ഷൈലേഷ് കുമാർ എം | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ ദിദീഷ് | വി.ഇ.ഒ | 01-04-2020 | 23-02-2021 |
| ശ്രീ ജനീഷ് | വി.ഇ.ഒ | 24-02-2021 | 31-03-2021 |
| ശ്രീമതി സുജല ടി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 18-01-2021 |
| ശ്രീമതി സന്ധ്യ എം ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-01-2021 | 31-03-2021 |
| ശ്രീ. പി കെ വേണുഗോപാൽ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സജ്ന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.അനീഷ്കുമാർ ടി.പി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ അനിൽകുമാർ | ഫിഷറീസ് ഇൻസ്‌പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Afsal T.M (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 26-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-8 |
| 11 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-9 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-10 |
| 13 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.<br>Written By: E.V Hari (Audit Officer, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-11 |
| 14 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-12 |
| 15 | മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം സംബന്ധിച്ച ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല | 1-13 |

| | | |
|---|---|---|
| | Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | |
| 16 | മരാമത്ത് പണികൾ - പി.ഡബ്ല്യു.ഡി. മാനദൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-14 |
| 17 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-15 |
| 18 | ഇ - ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-16 |
| 19 | പഞ്ചായത്ത് ഓഫീസിലേക്ക് യു. പി. എസ് വാങ്ങൽ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-17 |
| 20 | രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-18 |
| 21 | മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-19 |
| 22 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 1-20 |
| | **ഭാഗം 2** | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 28-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 29-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 01-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 ലെ പുതുക്കിയ ബജറ്റ് 19-02-2021 ലെ 01/21 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം - എസ്റ്റിമേറ്റ് തുക ക്രമാതീതം

ചില തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്ക പ്രകാരം വരവ് |
|---|---|---|
| 130-നികുതിയിതര വരവുകൾ | 75000 | 6000 |
| 171-നിക്ഷേപത്തിൽ നിന്നുള്ള പലിശ | 135000 | 93399 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ - ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിച്ചോ മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 240 | 15000 | 15000 | 22933 |
| 2 | 253 | 0 | 0 | 64285 |
| 3 | 255 | 1850000 | 1850000 | 6713834 |

പ്രൊവിഷനിൽ നിന്നും വ്യതിയാനം വരുമ്പോൾ തന്നെ ബജറ്റ് പുതുക്കാത്തതാണ് അപാകതയ്ക്ക് കാരണമായിട്ടുള്ളത്.

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് കുറ്റമറ്റ ബജറ്റ് തയാറാക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 14.05.2020 ന് ഓഡിറ്റിന് (Online ആയി) സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. പ്രതിമാസ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. വസ്തുനികുതി ഡിമാന്റ് കളക്ഷൻ എന്നിവ, സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം (I-1) ) |
|---|---|---|
| വസ്തു നികുതി ഡിമാന്റ് | 40,77,633 | 40,77,609 |
| | | വാർഷിക കണക്ക് പ്രകാരം (RP 43 ) Sundry Debtors (Receivables) |
| വസ്തു നികുതി കളക്ഷൻ | 40,21,392 | 39,82,707 |

3. പെർമിറ്റ് രജിസ്റ്റർ സംക്ഷിപ്തം പ്രകാരം, ആകെ ഡിമാന്റ് (പെർമിറ്റ് ഫീ + റഗുലറൈസേഷൻ ഫീ ) 4,54,867/- രൂപയാണ്. എന്നാൽ Schedule I-4 (B) പ്രകാരം ഇത് (പെർമിറ്റ് ഫീ = 2,23,650 + റഗുലറൈസേഷൻ ഫീ = 2,85,398 ) 5,09,048/- രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 5,10,600/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

5. ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 79, KFC Volume 1 Article – 282 എന്നിവ പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

6. കെ. ഡി. സി. ബാങ്കിന്റെ 10033201200001 നമ്പർ അക്കൗണ്ടിൽ 25/05/2013 ന് ശേഷം ഇടപാടുകൾ നടന്നിട്ടില്ല. ഈ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – റൂൾ 65-4 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ സംഖ്യകൾ പൂർണ്ണരൂപ'യിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ്, റസീപ്റ്റ്

ആന്റ് പേയ്മെന്റ് എന്നീ പത്രികകളുടെ സംക്ഷിപ്തത്തിൽ സംഖ്യകൾ പൂർണ്ണരൂപ'യിൽ അല്ല ഉൾപ്പെടുത്തിയത് എന്ന് കാണുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 30916768 |
| വരവ് | 71151794 |
| ആകെ | 102068562 |
| ചെലവ് | 84451198 |
| നീക്കിയിരിപ്പ് | 17617364 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12300133 | 12300133 | 12286116 | 14017 | 99.9 ശതമാനം വിനിയോഗം |
| വികസന ഫണ്ട് (എസ്. സി. പി.) | 0 | 1704000 | 1704000 | 1547036 | 156964 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (റോഡ്) | 0 | 9646000 | 9646000 | 7853749 | 1792251 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 3982310 | 3982310 | 3981546 | 764 | 99.9 ശതമാനം വിനിയോഗം |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 13485212 | 13485212 | 9518334 | 3966878 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ധനകാര്യ കമ്മീഷൻ | 0 | 5410000 | 5410000 | 736216 | 4673784 | നീക്കിയിരിപ്പ് തുക |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (Tied) | | | | | | ലാപ്സായി |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. (തൊഴിലാളികളുടെ കൂലി) | 0 | 40127175 | 40127175 | 40127175 | 0 | |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. ഭരണ ചെലവ്) | 66781 | 1691702 | 1758483 | 1693674 | 64809 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ – റോഡ്), എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 53613155 | 16961481 |
| വികസനഫണ്ട് (എസ്.സി.പി) | 5184750 | 2160250 |
| മെയിന്റനൻസ് ഫണ്ട് (നോൺ – റോഡ്) | 7387176 | 5613847 |

അപാകതകൾ പരിഹരിക്കുന്നതിന് ഐ. കെ. എം. മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 252 | 85608812 | 186 | 66 | 52276105 | 61.1 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 252 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 186 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 85608812 രൂപ

വകയിരുത്തിയതിൽ 52276105 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12300133 | 12286116 | 14017 | 99.9 |
| വികസന ഫണ്ട് (എസ്.സി പി) | 1704000 | 1547036 | 156964 | 90.8 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 13485212 | 9518334 | 3966878 | 70.6 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) *(ശുചിത്വം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള പദ്ധതികൾ, ജല സംരക്ഷണ പദ്ധതികൾ തുടങ്ങിവിവിധങ്ങളായ ആവശ്യങ്ങൾക്കാണ് ഈ തുക ഉപയോഗിക്കേണ്ടിയിരുന്നത്.എന്നാൽ ഈ തുകയുടെ 13.6 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്*.) | 5410000 | 736216 | 4673784 | 13.6 |
| മെയിന്റനൻസ് – റോഡ് | 9646000 | 7853749 | 1792251 | 81.4 |
| മെയിന്റനൻസ്, നോൺ – റോഡ് | 3982310 | 3981546 | 764 | 99.9 |
| ആകെ | 46527655 | 35922997 | 10604658 | 77.2 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 46527655 രൂപയിൽ 35922997 രൂപ (77.2) മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കാൻ

കഴിഞ്ഞിട്ടുള്ളത്. 10604658 രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4018 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 5839 |
| 100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ | 356 |
| 2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് | 41887849 |

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ദ വേതനം | 830099 |
| അവിദഗ്ദ വേതനം | 35601248 |
| മെറ്റിരിയൽ തുക | 3459200 |
| ഭരണ ചെലവ് | 1760674 |
| നികുതി | 236628 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 66781 | 1758702 | 1825483 | 1760674 | 64809 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40127175 | 40127175 | 40127175 | 0 |

ഭരണസമിതിയുടെ 07.01.2020 തിയ്യതിലെ 1(3) നമ്പർ തീരുമാന പ്രകാരം 440 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 186 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 5 |
| തൊഴുത്ത് | 13 |
| ഫാം പോണ്ട് | 2 |
| കോഴിക്കൂട് | 1 |
| വൃക്ഷത്തൈ നടൽ | 17 |

| | |
|---|---|
| | |
| മിനി എം.സി.എഫ് | 7 |
| മണ്ണ് ജല സംരക്ഷണം | 123 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 18 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ് എന്ന് കാണുന്നു.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സെക്രട്ടറി, ICDS സൂപ്പർവൈസർ എന്നിവരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയും പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.05.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,369/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ്

സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതു മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടയുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധകമാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|
| കുഞ്ഞബ്ദുള്ള സഫിയ, കനവത്ത്, തറോപൊയിൽ, 673541 (2020 ഒന്നാം അർദ്ധ വർഷം ) | 158.83 | 40 | 7624+382 = 8006 (വഴി സൗകര്യം വർദ്ധനവ് 20%) | 50 | 9530+477 = 10007 സൗകര്യം വർദ്ധനവ് 20%) | 2020-21 1906+95= 2,001/- |
| അമ്മദ്, ഹാജറ, കളയൻകുളത്ത്, ആയഞ്ചേരി, 673541 | 105.45 | 40 | 5062+254 = 5316 (വഴി സൗകര്യം വർദ്ധനവ് 20%) | 50 | 6327+317 = 6644 സൗകര്യം വർദ്ധനവ് 20%) | 2020-21 1265+63= 1,328/- |
| ആകെ | | | | | | 3171+158= 3,329/- |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21

ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | കെ. എസ്. എഫ്. ഇ, ആയഞ്ചേരി | 2 അർദ്ധ വർഷം |
| 2 | സപ്ലൈകോ തണ്ണീർപന്തൽ | 1 &2 അർദ്ധ വർഷം |
| 3 | സപ്ലൈകോ സൂപ്പർമാർക്കറ്റ് ആയഞ്ചേരി | 1&2 അർദ്ധ വർഷം |
| 4 | റിലയൻസ് ജിയോ | 1&2 അർദ്ധ വർഷം |
| 5 | കസ്തൂർബ വനിത സഹകരണ സംഘം | 1&2 അർദ്ധ വർഷം |
| 6 | ഗ്യാലക്സി ഹൈപ്പർ മാർക്കറ്റ് തണ്ണീർപന്തൽ | 1 &2 അർദ്ധ വർഷം |
| 7 | മൈക്രോ ഡയഗ്നോസ് | 1 &2 അർദ്ധ വർഷം |
| 8 | മില്ലേനിയം ഡിജിറ്റൽ | 1&2 അർദ്ധ വർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4, 6 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ ജോലി സ്ഥലമോ ഉണ്ടെങ്കിൽ അങ്ങിനെയുള്ള കമ്പനി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. വാർഷിക വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ്

അത്തരം സ്ഥാപനങ്ങളുടേയോ കമ്പനികളുടേയോ നികുതി നിശ്ചയിക്കേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.

പ്രോജക്ട് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പ്രോജക്ട് നമ്പർ - എസ് 07/20-21

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ - 13,00,000/- രൂപ

( 6,50,000/- രൂപ – വികസന ഫണ്ട് - പൊതു വിഭാഗം
3,25,000/- രൂപ – ജില്ലാ പഞ്ചായത്ത് വിഹിതം
3,25,000/- രൂപ – ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

ചെലവ് - 12,96,775/- രൂപ

( 6,49,400/- രൂപ – വികസന ഫണ്ട് - പൊതു വിഭാഗം
3,24,925/- രൂപ – ജില്ലാ പഞ്ചായത്ത് വിഹിതം
3,22,450/- രൂപ – ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന 45 വിദ്യാർത്ഥികൾ ഉണ്ട്. ഇവർക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 ( ബി ) പ്രകാരം ( സ.ഉ. നം. ( എം. എസ് ) 22/2018/ത.സ്വ.ഭവ തീയതി 14.02.2018 ) 28,500/- രൂപ വരെ പ്രതിവർഷം സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയുണ്ടെങ്കിലും എല്ലാ വിദ്യാർത്ഥികൾക്കും 24,655/- രൂപ വീതമാണ് സ്കോളർഷിപ്പ് ആയി നൽകിയിട്ടുള്ളത്. സർക്കുലർ നമ്പർ ഡി. എ. 1/19/2019/ ത.സ്വ.ഭവ തീയതി 25.1.2019 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കണമെന്നും ഇതിനായി മതിയായ തുക നീക്കി വെക്കേണ്ടതാണെന്നും ഇക്കാര്യം ICDS / CDPO എന്നിവർ ഉറപ്പ് വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വകയിരുത്തി അനുവദിക്കുന്നതിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 10/2020-21 തീയതി 28.5.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-12 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 149/20-21 | ചീറ്റക്കണ്ടി മുക്ക് പുറത്തൂട്ടയിൽ കുന്ന് | 110032 | 110032 |

| | | | |
|---|---|---|---|
| | ജലനിധി ടാങ്ക് റോഡ് | | |
| 229/20-21 | മുയ്യോട്ട് താഴ റോഡ് | 111036 | 111036 |
| 236/20-21 | വണ്ണാന്റെ മീത്തൽ മൊട്ടമ്മൽ റോഡ് | 400000 | 387986 |
| 215/20-21 | കുന്നത്തുമ്മൽ കനാൽ വലിയപറമ്പത്ത് റോഡ് | 74663 | 45537 |
| 200/20-21 | മേലേടത്ത് മുക്ക് തോണിയോത്ത് റോഡ് | 200000 | 197483 |
| 160/20-21 | നാലാം മൈൽ ചെറുവോത്ത് താഴ റോഡ് | 181928 | 181928 |
| 133/20-21 | പെരിയക്കാംപൊയിൽ സ്രാമ്പ്മുക്ക് കിളിയമ്മൽ മുക്ക് റോഡ് | 191464 | 191464 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അധ്യായം 11 ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/26.05.2022 നുള്ള മറുപടിയിൽ ചെലവ് കുറഞ്ഞ ഡാറ്റ ആയതിനാലാണ് 11.4.3.1 നമ്പർ ഡാറ്റ ഉപയോഗിച്ചിട്ടുള്ളത് എന്ന വാദം, റോഡിന്റെ ഈടും ഉറപ്പും കുറയുന്നു എന്ന വസ്തുത കണക്കിലെടുത്ത്, ഓഡിറ്റ് അംഗീകരിക്കുന്നില്ല. എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം മുതൽ 75.8.1 നമ്പർ ഡാറ്റ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1-13 മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം സംബന്ധിച്ച ഫയലുകളിൽ ആവശ്യമായ രേഖകൾ

സൂക്ഷിക്കുന്നില്ല

സ്ഥാപനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പല ഫയലുകളിലും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രിലിമിനറി/ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ അടിസ്ഥാന രേഖകളില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി. ഒ. (പി) 13/2012/പി.ഡബ്ള്യൂ.ഡി. തീ. 01.02.2012 പാർട്ട് 2 സെക്ഷൻ 1601.1.1, 1601.1.2 എന്നിവ പ്രകാരം പ്രിലിമിനറി/ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ, ആവശ്യകത എന്നിവ ഉൾപ്പെടെ പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തണം. ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കേണ്ട അടിസ്ഥാന രേഖകളിൽ സൈറ്റ് കണ്ടീഷൻ, സൈറ്റ് പ്ലാൻ, ലേ ഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പിലാക്കിയ പല പൊതുമരാമത്ത് പദ്ധതികളുടെയും എസ്റ്റിമേറ്റിന്റെ കൂടെ, പ്രത്യേകിച്ച് സ്പിൽ ഓവർ പ്രവൃത്തികളുടെ കാര്യത്തിൽ, പലതിലും മേൽ പറഞ്ഞ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തിയെ സംബന്ധിച്ച് കൃത്യമായ ചിത്രം ലഭിക്കുന്നതും അതനുസരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പല പ്രവൃത്തി ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമല്ല. 2012 ലെ പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാന്വലിൽ സെക്ഷൻ 1601.1.2(ii) ൽ പുതിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കാര്യവും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കാര്യവും പ്രതിപാദിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ, പ്രധാനമായും റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

I) റോഡുകളുടെ ആകെ നീളവും, എവിടെ ആരംഭിക്കുന്നുവെന്നും അവസാനിക്കുന്നുവെന്നുമുള്ള വിവരങ്ങൾ

Ii) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ

Iii) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും

Iv) പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം (ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നടത്തിയവ ഉൾപ്പെടെ)

V) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച വിവരങ്ങൾ

Vi) പ്രവൃത്തി പൂർത്തിയാക്കാനുദ്ദേശിക്കുന്ന കാലയളവ്

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 8/26.05.2022 നുള്ള മറുപടിയിൽ ഭാവിയിൽ ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തി പ്രവൃത്തി ഫയലുകൾ കുറ്റമറ്റതാക്കേണ്ടതാണ്.

1-14 മരാമത്ത് പണികൾ - പി.ഡബ്ള്യൂ.ഡി. മാന്വൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം - 18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചു വരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012- ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി. ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ. ഉത്തരവ് പ്രകാരം, പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013 - ലെ ജി.ഒ.(പി)നം. 36/13/പി.ഡബ്യൂ.ഡി. ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014 - ലെ ജി.ഒ. (എം.എസ്)നം. 74/14/തസ്വഭവ. ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തന കലണ്ടർ കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പി.ഡബ്ള്യൂ.ഡി. മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) മിക്ക അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പി.ഡബ്ള്യൂ.ഡി. മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

2020-21- ൽ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ പി.ഡബ്ള്യൂ.ഡി. മാന്വൽ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 3/26.05.2022 നുള്ള മറുപടിയിൽ, ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താനും രേഖകൾ സൂക്ഷിക്കാനും, സ്ഥിരം എഞ്ചിനീയർ ഇല്ലാത്തതിനാൽ വിട്ടുപോയി എന്നാണ് പറഞ്ഞിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. പി.ഡബ്ള്യൂ.ഡി. മാന്വൽ വ്യവസ്ഥകൾ പാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാധ്യസ്ഥനാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-15 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ

1. ക്യാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസു ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

2. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

3. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

4. ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ്/റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/26.05.2022- ന് തൃപ്തികരമായ മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-16 ഇ - ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക്

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല

2020-21 സാമ്പത്തിക വർഷംവരെ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 5/265.05.2022 നുള്ള മറുപടിയിൽ സെക്രട്ടറിയുടെ അക്കൗണ്ട് ഇ-ടെണ്ടർ സൈറ്റുമായി മാപ്പ് ചെയ്തതിനു ശേഷം പ്രസ്തുത തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട് എന്നാണ്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-17 പഞ്ചായത്ത് ഓഫീസിലേക്ക് യു. പി. എസ് വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം. 261/20-21 – പഞ്ചായത്ത് ഓഫീസിലേക്ക് യു. പി. എസ് വാങ്ങൽ

അടങ്കൽ : 4,20,000/- (തനത് ഫണ്ട്)

ചെലവ് : 4,20,000/-

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തോഫീസിലേക്ക് യു. പി. എസ് വാങ്ങുന്നതിലേക്കാണ് പ്രോജക്ട്. തനത് ഫണ്ടിൽ നിന്നും 4,20,000/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 6(1)/2.06.2020 പ്രകാരം ബിസയർ പവർ സൊല്യൂഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിക്ക് എ1-3333/20, തീയതി 21.07.2020 നം. സപ്ലൈ ഓർഡർ നൽകുകയും 19.08.2020- ന് കരാർ വെയ്ക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി, ഇൻവോയിസ് നം. ബി12/സി/36, തീയതി 19.08.2020 പ്രകാരം 7.5 KvA Numeric Legrand Online UPS With 20 Nos Of 100 Batteries/std VAH-2400 സപ്ലൈ ചെയ്തിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. യു. പി. എസും ബാറ്ററികളും സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

2. കമ്പനി സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരം, പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മുഴുവൻ സമയം പ്രവർത്തിക്കേണ്ട ഉപകരണങ്ങൾ എന്ന നിലക്ക പഞ്ചായത്ത്, സപ്ലയർ കമ്പനിയുമായി എ.എം.സി യിൽ ഏർപ്പെടേണ്ടത് അനിവാര്യമാണ്. നിർമ്മാണ കമ്പനി നൽകുന്ന നിയമാനുസൃതമായ പരിമിത വാറണ്ടി കാലാവധി തീരുന്ന മുറയ്ക്ക് എ. എം. സി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ലഭ്യമല്ല.

4. സ്ഥാപനവുമായുള്ള ഉടമ്പടിയിൽ സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 2/26.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

1-18 രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. 241/20-21 – പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ : 2,83,000/- (തനത് ഫണ്ട്)

ചെലവ് : 47,613/-

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കാണ് പ്രോജക്ട്. തനത് ഫണ്ടിൽ നിന്നും 47,613/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഭരണ സമിതി തീരുമാനം, സപ്ലൈ ഓർഡർ, സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം, ചെലവനുവാദം, തുക കൈമാറിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. അന്വേഷണക്കുറിപ്പ് നം. 1/26.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

രേഖകൾ സമർപ്പിക്കാത്തതിന് വിശദീകരണം നൽകേണ്ടതും ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-19 മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്നതിനായി 166 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 118 പദ്ധതികളാണ് നടപ്പിലാക്കിയത്. ആയതിൽ ഏതാനും പദ്ധതികൾ ഒഴികെ ബാക്കിയുള്ളവയുടെ കാര്യത്തിൽ മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിരിക്കുന്നു.

മെമ്പർമാരും കൺവീനറും ഉൾപ്പെടുന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. തൻവർഷം ഒരു തവണ പോലും വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടില്ല എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്.

നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾ, നടപ്പാക്കിയ പദ്ധതികളുടെ അവലോകനം, മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട മറ്റ് പ്രധാന കാര്യങ്ങൾ എന്നിവ വർക്കിംഗ് ഗ്രൂപ്പിന്റെ അടിയന്തിര പരിഗണനാ വിഷയങ്ങളാണ്. ഫലത്തിൽ പദ്ധതി രൂപീകരണത്തിലും പ്രവർത്തനങ്ങളിലും കാര്യമായ യാതൊരു ഇടപെടലും വർക്കിംഗ് ഗ്രൂപ്പ് /മോണിട്ടറിംഗ് സമിതി നടത്തുന്നില്ല എന്ന് വ്യക്തമാണ്. പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ക്രിയാത്മകമായ ഇടപെടലും മേൽനോട്ടവും അനിവാര്യമാണ്. അത് ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 6/26.05.2022- നുള്ള മറുപടിയിൽ നടത്തിയ പ്രവൃത്തികളിൽ യാതൊരു വിധ ആക്ഷേപങ്ങളും ഉണ്ടായിട്ടില്ല എന്ന പ്രസ്താവന ഓഡിറ്റ് അംഗീകരിക്കുന്നില്ല. മരാമത്ത് പ്രവൃത്തികൾ പി.ഡബ്ള്യൂ.ഡി. മാന്വൽ പ്രകാരം നിർവ്വഹിച്ച് രേഖകൾ സൂക്ഷിക്കുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല

(1) പ്രോജക്ട് നം. 154/20-21 – അങ്കണവാടി വൈദ്യുതീകരണം – കെ.എസ്.ഇ.ബി

അടങ്കൽ : 1,65,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് : 1,61,579/-

(2) പ്രോജക്ട് നം. 155/20-21 – ആയുർവ്വേദ ആശുപത്രിയിലേക്ക് കനാൽ
പാലം - ജലസേചന വകുപ്പ്

അടങ്കൽ : 6,00,000/-(5,63,100/- ധന. കമ്മീ. അവാ, 36,900/- തനത് ഫണ്ട്)

ചെലവ് : 6,00,000/-

നിർവ്വഹണം : സെക്രട്ടറി

മേൽ പ്രവൃത്തികൾക്ക് തുക മുൻകൂറായി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം, ബാക്കി നിൽക്കുന്ന തുകയുടെ വിവരം എന്നിവ ഓഡിറ്റിന്

ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13/28.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധകമാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|
| കുഞ്ഞമ്പുള്ള സഫിയ, കനവത്ത്, തറോപൊയിൽ, 673541 (2020 ഒന്നാം അർദ്ധ വർഷം ) | 158.83 | 40 | 7,624 + 382 = 8,006 (വഴി സൗകര്യം വർദ്ധനവ് 20%) | 50 | 9,530+477 = 10,007 സൗകര്യം വർദ്ധനവ് 20%) | 2020-21 1906+95= 2,001/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| അമ്മദ്, ഹാജറ, കളയൻകുളത്ത്, ആയഞ്ചേരി 673541 | 105.45 | 40 | 5,062 + 254 = 5,316 (വഴി സൗകര്യം വർദ്ധനവ് 20%) | 50 | 6,327 +317 = 6,644 സൗകര്യം വർദ്ധനവ് 20%) | 2020-21 1265+63= 1,328/- |
| ആകെ | | | | | | 3171+158= 3,329/- |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 24-05-2022, 25-05-2022 | ഈ റിപ്പോർട്ടിന്റെ ഭാഗമായി പുറപ്പെടുവിച്ച. |

4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് – തോടന്നൂർ | 2020-21 | 500000 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 500000 | 0 |
| | 2020-21 | 322450 | ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 322450 | 0 |
| | 2020-21 | 300000 | നെൽകൃഷിക്ക് കൂലിചെലവ് | 300000 | 0 |
| | 2020-21 | 85000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 85000 | 0 |
| | 2020-21 | 51060 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 51060 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 324925 | ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 324925 | 0 |
| | 2020-21 | 360000 | നെൽകൃഷിക്ക് കൂലിചെലവ് | 360000 | 0 |
| | 2020-21 | 102000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 102000 | 0 |
| | 2020-21 | 106500 | മുട്ട ഗ്രാമം – വനിത | 106500 | 0 |
| | 2020-21 | 98824 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 98824 | 0 |
| | 2020-21 | 195000 | ക്ഷീര ഗ്രാമം | 195000 | 0 |
| | 2020-21 | 20000 | വിഷ രഹിത ഫലം - വനിത | 20000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 360000 | നെൽകൃഷിക്ക് കൂലി ചെലവ് | 360000 | 0 |
| | 2020-21 | 121687 | മുട്ട ഗ്രാമം – വനിത | 121687 | 0 |
| | 2020-21 | 61272 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 61272 | 0 |
| | 2020-21 | 120000 | പോത്ത് കുട്ടി വനിത | 120000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 7,65,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | അങ്കണവാടി വയറിംഗ് | 1,65,000 | 1,61,579 | 3,421 |
| കുറ്റ്യാടി ഇറിഗേഷൻ | ആയുർവേദ ആശുപത്രിക്ക് കനാൽ | 6,00,000 | 6,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 12,80,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | 0 | 57,40,000 | 5,26,667 | --- | 52,13,333 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 13,461/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-4 | 1,919 | ശ്രീമതി. പി. സനിഷ, അസി. എഞ്ചിനീയർ | 120040103744 |
| | | 3,626 | ശ്രീമതി. പി. സനിഷ, അസി. എഞ്ചിനീയർ | 120040103745 |
| | | 4,587 | ശ്രീമതി. പി. സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ | 120040103746 |
| | | 3,329 | ശ്രീമതി. പി. സനിഷ, അസിസ്റ്റന്റ് എഞ്ചിനീയർ | 120040103747 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.1.74 | മൃഗസംരക്ഷണം നീക്കിവെക്കുന്ന തുകകൾ പരിമിതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.3.78 | മൃഗസംരക്ഷണ പദ്ധതികൾ നാമമാത്രം | തടസ്സം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.9.94 | മൃഗാശുപത്രികളിൽ മരുന്ന് അപര്യാപതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.100 | കർഷകർക്ക് പരിശീലനം നൽകിയില്ല. | തടസ്സം തുടരുന്നു. |
| | | | 5.7.12.100 | ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല. | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലെ കാലതാമസം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.105 | കാലിത്തീറ്റയുടെ ഗുണ നിലവാരം പരിശോധിക്കുന്നില്ല. | തടസ്സം തുടരുന്നു. |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.210 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71151794 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84451198 |
| വരവിനങ്ങളിലുള്ള നഷ്ടം | 3171 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3171 | -- | ശ്രീ. വാസു. എം. |

| | | | |
|---|---|---|---|
| | | | എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

-ഇല്ല-

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 : 158 – ഗ്രന്ഥശാലാവരി

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വാസു. എം. എം, സെക്രട്ടറി | സെക്രട്ടറി, കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | സ്ഥിര മേൽവിലാസം ലഭ്യമാക്കിയിട്ടില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1992-93 & 1993-94 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 15, 17 |
| 1994-95 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 16, 17 |
| 1995-96 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 4 | 11, 12-3, 14, 15 |
| 1996-97 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 1 | 26 |
| 1997-98 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 7 | |
| 1998-99 | കെ.എസ്.എ /കെകെഡി/ പി5/1416/ 2018(4)/13.05.2019 | 2 | 37, 39 |
| 1999-00 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 7 | 21, 31 ഡി, 35, 36,37, 38,39 |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 3-1, 3-4 |
| 2003-04 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 3 | 2-3, 3-3, 3-5 |
| 2004-05 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 7 | 2-1(3,4),2-2,3-1, 3-2,3-3,3-4 |
| 2005-06 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 3-1,3-2,3-4,3-5, 3-6,3-7,3-8(2,3) |
| 2006-07 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 2-5,3-3,3-4,3-5, 3-6, 3-7,3-9,3-10 |
| 2008-09 & 2009-10 | എൽ.എഫ് /കെകെഡി/ പി5/1018/ 2012/16.07.2012 | 16 | 3-2(1-4), 3-2, 3-3, 3-4,3-5, 3-6, 3-7,3-8, 3-9,3-10, 3-11, 3-12, 3-13 |
| 2010-11& 2011-12 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 2-2,3-2,3-5(1), 3-7, 3-12, 3-13, 3-15, 3-16, 3-17, 3-19, 3-20 |
| 2012-13& 13-14 | കെ.എസ്.എ/കെ.കെ.ഡി/ പി5/877(1)/2015/13.1.2016 | 31 | 2-1,2-2,2-3, 3-1, 3-3 മുതൽ 3-15 വരെ,3-17, 3-18 മുതൽ 3-29 വരെ, 3-31 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി /പി5/1128/ 16/6.05.2017 | 6 | 2-2,3-1,3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി5/50/ 2017/3.01.2018 | 27 | 2-1,2-2, 2-3, 2-4,2-5(1-6), 2-6 (1-4), 2-8(1-2),3-1, 3-3, 3-5,3-6, 3-7,3-8,3-9, 3-10,3-11, 3-14, 3-17,3-18 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി5/112/ 2017/27.03.2018 | 13 | 2-1,2-2, 2-4(1), 2-4(2), 3-2,3-3, 3-4, 3-6, 3-7, 3-8,3-9,3-10, 3-11 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി5/2754/ 2018/18.01.2019 | 21 | 1-12,2-2,2-3,2-4, 2-5, 3-1,3-2, 3-3,3-4,3-5,3-6, 3-7,3-8,3-9,3-10, |

| | | | |
|---|---|---|---|
| | | | 3-11,3-12,3-13, 3-14,3-15,3-16 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി10/627/ 2020/23.09.2020 | 32 | 1.11(1) മുതൽ 1-11(8) വരെ, 1-11(12) മുതൽ 1-11(14)വരെ, 1-12.1(1),1-12.1(3), 1-12.1,1-12.2, 1-12.3,1-13.1, 1-13.3,1-13.4, 1-13.5,1-13.6, 1-13.7,1-13.8, 1-13.9,1-13.10, 1-13.11,1-13.12, 1-13.13,1-13.15, 1-13.18,1-13.19, 1-13.20,1-13.21, 1-13.22, 1-13.23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി7 /422/2022 തീയ്യതി. 08/03/2022 | 44 | മുഴുവൻ ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നു |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്